**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം നഗരകാര്യ വകുപ്പ് കൊല്ലം നഗരസഭയിലെ സീനിയർ ക്ളർക്കായി സേവനം അനുഷ്ഠിച്ചിക്കുന്ന ശ്രീമതി. എസ്.അനീസയുടെ മകന്റെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 17/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 04.01.2017

പരാമർശം : 1. ശ്രീമതി. എസ്.അനീസയുടെ 09.05.2014 ലെ അപേക്ഷ.
2. നഗരകാര്യഡയറക്ടറുടെ 5.12.2015 തീയതിയിലെ ഡി.സി.1-14988/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നഗരകാര്യ വകുപ്പ് കൊല്ലം നഗരസഭയിലെ സീനിയർ ക്ളർക്കായി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.എസ്.അനീസയുടെ മകന് കൊല്ലം ട്രാവൻകൂർ മെഡിക്കൽ കോളേജിൽ ചികിത്സ നടത്തിയതിന് ചെലവായ തുക, 2,70,043.65/- രൂപ റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് സർക്കാരിന്റെ പ്രത്യേകാനുമതിക്ക്. പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ വകുപ്പ് കൊല്ലം നഗരസഭയിലെ സീനിയർ ക്ളർക്കായി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി. എസ്. അനീസയുടെ മകന് കൊല്ലം ട്രാവൻകൂർ മെഡിക്കൽകോളേജിൽ ചികിത്സനടത്തിയതിന് ചെലവായ തുകയിൽ (2,70,043.65/- രൂപ) മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് അർഹതയുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ തുകയുടെ 80% ആയ 2,16,035/- രൂപ പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത,അർഹത,കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർപരിശോധിച്ച് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും, ടി തുക കൊല്ലം നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും റീ ഇംബേഴ്സ് ചെയ്യുന്നതിന് കൊല്ലം നഗരസഭ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമേശൻ എം.കെ**
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം നഗരസഭ (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ശ്രീമതി. എസ്.അനീസ, സീനിയർ ക്ളർക്ക്, കൊല്ലം നഗരസഭ

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ